K25FY2954 pages: 2 Reg No:.................
Name :..................

# Second Semester FYUGP Degree Examination April 2025
# KU2AECMAL104 - DRISHYAKALASAHITHYAM

2024 Admission onwards

---

Time : 1.5 hours Maximum Marks : 35

## Section A

**Answer any 6 questions. Each carry 2 marks.**

1. പാവക്കൂത്തിന് ഓലപ്പാവക്കൂത്ത്, തോൽപാവക്കൂത്ത് എന്നീ പേരുകൾ ഉണ്ടാകാൻ കാരണമെന്ത്?

2. തിടമ്പുനൃത്തം എന്ന കലാരൂപം അവതരിപ്പിക്കുന്നത് ഏത് വിഭാഗത്തിൽ പെട്ടവരാണ്, ഏതൊക്കെ പ്രദേശങ്ങളിലാണ് ഈ കലാരൂപം പ്രചാരത്തിലുള്ളത് ?

3. നളൻ, ദമയന്തി എന്നിവർക്ക് കഥകളിയിൽ നൽകുന്ന വേഷം ഏതാണ് , എന്തുകൊണ്ട്?

4. കഥകളിയിലെ രണ്ട് ചടങ്ങുകളെ കുറിച്ച് കുറിപ്പ് തയ്യാറാക്കുക.

5. നടക്ക് തമ്പ്രാ! ഇനി തേവനാ തമ്പ്രാന്റെ വടി.ഈ വടി ഒടിഞ്ഞിട്ടേ തമ്പ്രാ വീഴത്തൊള്ള് - സന്ദർഭം കണ്ടെത്തുക

6. നാളിതുവരെയുള്ള പരിചരണങ്ങളിൽ നിന്നും വ്യത്യസ്തമായി മലയാളസിനിമ മാറ്റങ്ങളുടെ സവിശേഷമായ ഘട്ടത്തിലൂടെയാണ് കടന്നു പോകുന്നത്. ഏതൊക്കെ രംഗങ്ങളിലാണ് ഈ മാറ്റങ്ങൾ സംഭവിക്കുന്നത് എന്നാണ് രാജേഷ് കെ എരുമേലി അഭിപ്രായപ്പെടുന്നത്?

7. 'നൈറ്റ് കോൾ' എന്ന ഹ്രസ്വചിത്രത്തിൽ ഹരി എന്ന കഥാപാത്രം, ബന്ധുക്കളെ മരണവാർത്ത അറിയിക്കുക എന്ന തന്റെ ദൗത്യത്തിൽ ഏറ്റവും കൂടുതൽ പ്രയാസപ്പെടുന്ന സന്ദർഭം ഏതാണ്, എന്തുകൊണ്ടാണ്?

8. കുഞ്ഞുണ്ണിക്കവിതകളുടെ മുഖ്യസവിശേഷതകൾ എന്തെല്ലാമാണ്?

## Section B

**Answer any 4 questions. Each carry 4 marks.**

9. പാശ്ചാത്യ - പൗരസ്ത്യ സംസ്കാരങ്ങളുടെയും കലാരീതികളുടെയും സമന്വയമാണ് ചവിട്ടുനാടകം എന്ന കലാരൂപം - സമർത്ഥിക്കുക.

10. തിരുവാതിരകളി, പൂരക്കളി എന്നീ കലാരൂപങ്ങളെ കുറിച്ച് കുറിപ്പുകൾ തയ്യാറാക്കുക.

11. കള്ളന്മാരതു കട്ടുഭുജിച്ചാൽ
പള്ളപൊറുപ്പാനാവതുമില്ല. - സന്ദർഭവും ആശയവും വിശദമാക്കുക.

12. സബർമതി ദൂരെയാണ് എന്ന നാടകത്തിന്റെ ശീർഷകത്തിന്റെ ഔചിത്യം ചർച്ച ചെയ്യുക.

13. പതിരില്ലാത്ത പഴഞ്ചൊല്ലുകളുടെയും ചിന്തോദ്ദീപകമായ കടങ്കഥകളുടെയും പാരമ്പര്യമാണ് കുഞ്ഞുണ്ണി കവിതകളിൽ കാണാനാകുന്നത് - വിശകലനം ചെയ്യുക.

Don Bosco Arts and Science College Library Angadikadavu, Kannur lib.donbosco.ac.in

14. രാമചരിതം മുതൽ ആരംഭിക്കുന്ന മലയാള കവിതയുടെ വ്യത്യസ്തമായ ഒരു സരണിയാണ് കുഞ്ഞുണ്ണിക്കവിത - രൂപപരമായും പ്രമേയപരമായുമുള്ള കുഞ്ഞുണ്ണി കവിതകളുടെ സവിശേഷതകൾ വിശദമാക്കുക.

## Section C

**Answer any 1 questions. Each carry 7 marks.**

15. വിശാലമായ മാനവിക കാഴ്ചപ്പാടിൽ നിന്നും സങ്കുചിതമായ ജാതി,മത ചിന്തകളിലേക്ക് രാജ്യം പരിണമിച്ചതിന്റെ നേർചിത്രമാണോ സബർമതി ദൂരെയാണ് എന്ന നാടകം? വിശകലനം ചെയ്യുക.

16. ഭാഷയിലെ ലാളിത്യവും അവതരണത്തിലെ നർമ്മ രസവുമാണ് തുള്ളൽ കലാരൂപത്തെ ജനകീയമാക്കിയത്. സ്യമന്തകം ഓട്ടൻ തുള്ളലിനെ അടിസ്ഥാനമാക്കി ഈ പ്രസ്താവനയുടെ സാധുത പരിശോധിക്കുക.

Library
Don Bosco Arts and Science College
Angadikadavu, Kannur
lib.donbosco.ac.in